ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:29.07.2025

## പ്രധാനവാർത്തകൾ

1. ഓപ്പറേഷൻ സിന്ദൂർ വിഷയത്തിൽ പാർലമെന്റിന്റെ ഇരുസഭകളിലും ഇന്ന് പ്രത്യേക ചർച്ച; ചെസ്സ് വനിതാ ലോകകപ്പ് കിരീടം നേടിയ ദിവ്യ ദേശ്മുഖിന് പാർലമെന്റിന്റെ അഭിനന്ദനം.
2. വിദ്യാഭ്യാസ മേഖലയിൽ സമഗ്ര മാറ്റം ലക്ഷ്യമിട്ട് ആവിഷ്കരിച്ച ദേശീയ വിദ്യാഭ്യാസ നയം അഞ്ച് വർഷം പിന്നിടുന്നു.
3. ഛത്തീസ്ഗഢിൽ കന്യാസ്ത്രീകളെ അറസ്റ്റ് ചെയ്ത സംഭവത്തിൽ കേരളത്തിന് ഒറ്റക്കെട്ടായ നിലപാടെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്; നീതി ലഭിക്കും വരെ ഒപ്പം ഉണ്ടാകുമെന്ന് ബി ജെ പി.
4. വയനാട് ഉരുൾ പൊട്ടൽ ദുരന്തത്തിന് നാളെ ഒരു വയസ്സ്; അതിജീവനത്തിന്റെ പാതയിൽ മുണ്ടക്കൈ-ചൂരൽമല നിവാസികൾ.
5. നിറപുത്തരി പൂജക്കായി ശബരിമല ക്ഷേത്രനട ഇന്ന് തുറക്കും.

&&&&&&&&&&&&&&&&&&

PNU TVPM

## പാർലമെന്റ്

ഫിഡെ വനിതാ ചെസ് ലോകകപ്പിൽ വിജയിച്ച ദിവ്യ ദേശ്മുഖിനെ പാർലമെന്റിന്റെ ഇരുസഭകളും അഭിനന്ദിച്ചു. ലോക്സഭയിൽ ഓപ്പറേഷൻ സിന്ദൂറിനെക്കുറിച്ചുള്ള പ്ര ത്യേക ചർച്ച പുനരാരംഭിച്ചു. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ ചർച്ചയിൽ പങ്കെടുക്കുകയാണ്. രാജ്യസഭയിൽ

ഓപ്പറേഷൻ സിന്ദൂറിനെ കുറിച്ച് പ്രത്യേക ചർച്ച ഇന്ന് ആരംഭിക്കും. 16 മണിക്കൂറാണ് സമയം അനുവദിച്ചിരിക്കുന്നത്. വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് രാജ്യസഭ ഉച്ചയ്ക്ക് രണ്ടു മണിവരെ നിർത്തിവച്ചിരിക്കുകയാണ്.

&&&&&&&&&&&&&&&&&&

## ദേശീയ വിദ്യാഭ്യാസ നയം

ദേശീയ വിദ്യാഭ്യാസ നയം ഇന്ന് അഞ്ച് വർഷം പൂർത്തിയാക്കുന്നു. രാജ്യത്തെ സ്കൂളുകളുടെ പരിവർത്തനത്തോടൊപ്പം പാഠ്യപദ്ധതി പരിഷ്കരണവും ലക്ഷ്യമിട്ടുള്ളതാണ് ഈ നയം. വിദ്യാർത്ഥി കേന്ദ്രീകൃത വിദ്യാഭ്യാസ സമ്പ്രദായത്തിന് നയം ഊന്നൽ നൽകുന്നു. നിപുൺ ഭാരത്, വിദ്യാ പ്രവേഷ് തുടങ്ങിയ സംരംഭങ്ങളിലൂടെ രാജ്യത്തെ 4.2 കോടിയിലധികം വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. നിഷ്ഠ അധ്യാപക പരിശീലന പരിപാടിക്ക് കീഴിൽ 4 ലക്ഷത്തിലധികം അധ്യാപകർക്ക് പരിശീലനം നൽകി. ദേശീയ വിദ്യാഭ്യാസ നയത്തിൻറെ അഞ്ചാം വാർഷികത്തോടനുബന്ധിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ

വിഭാഗം തയ്യാറാക്കിയ പ്രത്യേക ചർച്ച ഇന്ന് വൈകിട്ട് 4.30 ന് പ്രക്ഷേപണം ചെയ്യും.

PNU TVPM

&&&&&&&&&&&&&&&&&&

## അഖില ഭാരതീയ ശിക്ഷാ സംഗമം

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അഞ്ചാം വാർഷികത്തോട് അനുബന്ധിച്ച് അഖില

ഭാരതീയ ശിക്ഷാ സംഗമം സംഘടിപ്പിച്ചു. കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ പരിപാടിയിൽ മുഖ്യ പ്രഭാഷണം നടത്തി.

&&&&&&&&&&&&&&&&&&

## അന്താരാഷ്ട്ര കടുവ ദിനം

കടുവ സംരക്ഷണത്തിൻറെ പ്രാധാന്യം ഓർമ്മിപ്പിച്ച് ഇന്ന് അന്താരാഷ്ട്ര കടുവ ദിനം. കടുവകൾ ഉൾപ്പെടെ വംശനാശ ഭീഷണി നേരിടുന്ന ജീവിവർഗങ്ങളെ സംരക്ഷിക്കേണ്ടതിൻറെ ആവശ്യകത പ്രചരിപ്പിക്കുകയും ദിനാചരണത്തിന്റെ ലക്ഷ്യമാണ്. 58 റിസർവുകളും 3,682 കടുവകളുമുള്ള ഇന്ത്യ, കടുവ സംരക്ഷണത്തിൽ ലോകത്തിന് മാതൃകയാണെന്ന് കേന്ദ്ര മന്ത്രി ഭൂപേന്ദർ യാദവ് സമൂഹമാധ്യമത്തിൽ കുറിച്ചു. 2010 ജൂലൈ 29 ന് റഷ്യയിലെ സെന്റ് പീറ്റേഴ്സ്ബർഗിലാണ് ആദ്യ അന്താരാഷ്ട്ര കടുവ ദിന പ്രഖ്യാപനം നടന്നത്.

&&&&&&&&&&&&&&&&&&

## കടുവ ദിനം (ഇൻട്രോ)

കടുവകളുടെ ആരോഗ്യകരമായ നിലനിൽപ്പിന് കാടുകളുടെ സംരക്ഷണം ഏറെ പ്രധാനമാണെന്ന് കോട്ടയം വൈൽഡ് ലൈഫ് സർക്കിൾ എഡ്യൂക്കേഷൻ വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ, റെനി ആർ പിള്ള ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ് വോയിസ് )

&&&&&&&&&&&&&&&&&&

RNU TVPM

## വയനാട് -ഉരുൾപൊട്ടൽ ( ഇൻട്രോ)

വയനാട് മുണ്ടക്കൈ-ചൂരൽമല ഉരുൾ പൊട്ടൽ ദുരന്തത്തിന് നാളെ ഒരു വയസ്സ്. കഴിഞ്ഞ വർഷം ജൂലൈ 29 ന് രാത്രി 11.45 നാണ്ണ് പുഞ്ചിരിമട്ടം മേഖലയിൽ ആദ്യ മണ്ണിടിച്ചിലുണ്ടായത്.

**ആകാശവാണി വയനാട് പ്രതിനിധി അരുൺ വിൻസെന്റ് തയ്യാറാക്കിയ റിപ്പോർട്ട്..........**

**(വോയിസ് )**

**&&&&&&&&&&&&&&&&&&**

## പി.എമുഹമ്മദ് റിയാസ്

ഛത്തീസ്ഗഡിൽ രണ്ട് കന്യാസ്ത്രീകളെ ജയിലിലടച്ച സംഭവത്തിൽ കേരളം ഒറ്റക്കെട്ടായ നിലപാടാണ് എടുത്തതെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്. സംഭവത്തിൽ ഉദ്യോഗസ്ഥരുടെ പേരിൽ കർശന നടപടി സ്വീകരിക്കണമെന്നും മന്ത്രി കണ്ണൂരിൽ മാധ്യമങ്ങളോട് പറഞ്ഞു. അതെസമയം, സിസ്റ്റർ വന്ദന ഫ്രാൻസിസിന്റെ കണ്ണൂർ ഉദയഗിരി പുല്ലേരിയിലെ വീട് ബിജെപി മുൻ സംസ്ഥാന അധ്യക്ഷൻ സി കെ പത്മനാഭൻ സന്ദർശിച്ചു.

**&&&&&&&&&&&&&&&&&&**

## രാജീവ് ചന്ദ്രശേഖർ

ഛത്തീസ്ഗഡ് സംഭവത്തിൽ നീതി ലഭിക്കും വരെ ഒപ്പമുണ്ടാകുമെന്ന് ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. ഇതിനായി ഛത്തീസ്ഗഡ് സർക്കാരിന്റെ ഉൾപ്പെടെ എല്ലാ സഹായവും പിന്തുണയും വാഗ്ദാനം ചെയ്തതായും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. കന്യാസ്ത്രീകൾക്ക് നേരെ ഉണ്ടായ ആരോപണം ശരിയല്ലെന്നും മതപരിവർത്തനമോ

RNU TVPM

മനുഷ്യക്കടത്തോ നടന്നിട്ടില്ലെന്നും ശ്രീ രാജീവ് ചന്ദ്രശേഖർ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## സുപ്രീംകോടതി- പ്രസിഡൻഷ്യൽ

പരിഗണനക്ക് വരുന്ന ബില്ലുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് രാഷ്ട്രപതിയുടെയും ഗവർണറുടെയും അധികാരങ്ങൾ സംബന്ധിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു നടത്തിയ പരാമർശത്തിൽ അടുത്തമാസം 19 ന് വാദം കേൾക്കുമെന്ന് സുപ്രീം കോടതി. കേരള, തമിഴ്നാട് സംസ്ഥാനങ്ങൾക്ക് വിഷയത്തിൽ നിലപാടറിയിക്കാൻ ഒരു മണിക്കൂർ സമയവും കോടതി അനുവദിച്ചു. ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായിയുടെ നേതൃത്വത്തിലുള്ള ഭരണഘടനാ ബെഞ്ചാണ് വാദം കേൾക്കുന്നത്.

RNU TVPM

&&&&&&&&&&&&&&&&&&

## മഴ- സംസ്ഥാനം

സംസ്ഥാനത്ത് മഴയ്ക്ക് നേരിയ ശമനം. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരള-കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## കുട്ടനാട് -മഴ (ഇൻട്രോ)

മഴയ്ക്ക് ശമനമായെങ്കിലും കിഴക്കൻ വെള്ളത്തിൻ്റെ അമിതമായ വരവ് കുട്ടനാടിനെ ദുരിതത്തിലാക്കി. പലയിടങ്ങളിലും വെള്ളക്കെട്ട് രൂക്ഷമാണ്.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ല പ്രതിനിധി ആർ.രവികുമാർ.**

**(വോയിസ്)**

&&&&&&&&&&&&&&&&&&

## കെ.എസ്.ആർ.ടി.സി -ധനസഹായം

RNU TVPM

കെ എസ് ആർ ടി സിക്ക് പെൻഷൻ വിതരണത്തിന്

71.21 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ. ഈ മാസത്തെ സാമ്പത്തിക സഹായത്തിന്റെ ഒരു ഗഡു 20 കോടി രൂപ നേരത്തെ അനുവദിച്ചിരുന്നു. ബജറ്റിൽ വകയിരുത്തിയ 900 കോടി രൂപയിൽ 479.21 കോടി രൂപ ഇതിനകം ലഭ്യമാക്കിയതായി ധനമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

## പത്തനംതിട്ട- ശബരിമല (ഇൻട്രോ)

നിറപുത്തരി പൂജക്കായി ശബരിമല ക്ഷേത്രനട ഇന്ന് വൈകിട്ട് അഞ്ചിനു തുറക്കും. നാളെ പുലർച്ചെയാണ് നിറപുത്തരി പൂജ.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ല പ്രതിനിധി **ശ്രീജി എസ് ശ്രീധർ............**

(വോയിസ്)

&&&&&&&&&&&&&&&&&&

## വോട്ടർപട്ടിക

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള കരട് വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനും തിരുത്തലിനും അടുത്തമാസം ഏഴുവരെ അപേക്ഷ സമർപ്പിക്കാം. ഓഗസ്റ്റ് 30 ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കും. sec.kerala.gov.in എന്ന വെബ്സൈറ്റിൽ ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. നിർദ്ദിഷ്ട ഫോറത്തിൽ ഇലക്ഷൻ രജിസ്ട്രേഷൻ ഓഫീസർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

## പെൻഷൻ മസ്റ്ററിംഗ്

സംസ്ഥാന സഹകരണ പെൻഷൻ ബോർഡ് മുഖേന പെൻഷൻ വാങ്ങുന്നവരുടെ മസ്റ്ററിംഗ്, ആധാർ അധിഷ്ഠിത ബയോമെട്രിക്കിലേക്ക് മാറ്റുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം നാളെ നടക്കും. ജവഹർ സഹകരണ ഭവനിൽ വൈകിട്ട് മൂന്നു മണിക്ക് മന്ത്രി വി. എൻ. വാസവൻ ഉദ്ഘാടനം ചെയ്യും. ബോർഡിന്റെ സേവനങ്ങൾ പൂർണമായും ഇ-ഓഫീസിലേക്ക് മാറ്റുന്ന സംവിധാനത്തിന്റെ ഉദ്ഘാടനം മന്ത്രി വി. ശിവൻകുട്ടി നിർവഹിക്കും.

&&&&&&&&&&&&&&&&&&

## നിഷ് -ബിരുദദാനം

തിരുവനന്തപുരം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് - നിഷ് - ലെ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ്

RNU TVPM

നാളെ നടക്കും. ടാഗോർ തിയേറ്ററിൽ നടക്കുന്ന ചടങ്ങ് മന്ത്രി ആർ.ബിന്ദു ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&

## ഐ.എസ്.ആർ.ഒ

ഐഎസ്ആർഒയും നാസയും സംയുക്തമായി വികസിപ്പിച്ചെടുത്ത നൈസാർ ഭൗമ നിരീക്ഷണ ഉപഗ്രഹത്തിന്റെ വിക്ഷേപണം നാളെ. വൈകുന്നേരം ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്നാണ് വിക്ഷേപണം. മേഘാവൃതമായ കാലാവസ്ഥയിലും ഭൂമിയുടെ ചിത്രങ്ങൾ പകർത്താൻ ഉപഗ്രഹത്തിന് കഴിയും. അത്യാധുനിക റഡാർ ഇമേജിംഗ് സാങ്കേതികവിദ്യ സജ്ജീകരിച്ചിരിക്കുന്ന ഭൗമ നിരീക്ഷണ ഉപഗ്രഹം ഭൗമോപരിതലത്തിൽ നിന്ന് 743 കിലോമീറ്റർ ഉയരെയുള്ള സൺ സിൻക്രണസ് ഓർബിറ്റ് എന്നറിയപ്പെടുന്ന ഭ്രമണപഥത്തിലേക്കാണ് വിക്ഷേപിക്കുക.

RAJU TVPM

&&&&&&&&&&&&&&&&&&

## ഓഹരി- സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 64 പോയിന്റ് താഴ്ന്ന് 80,824 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 9 പോയിന്റ് നഷ്ടത്തിൽ 24,672 ലും വ്യാപാരം തുടരുന്നു. സ്വർണ വിലയിൽ നേരിയ കുറവ്. പവന് 80 രൂപ താഴ്ന്ന് 73,200 രൂപയും ഗ്രാമിന് 9,150 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## കേരള ക്രിക്കറ്റ് ലീഗ്

കേരള ക്രിക്കറ്റ് ലീഗ് രണ്ടാം സീസൻറെ സമ്പൂർണ്ണ മത്സരക്രമം പ്രഖ്യാപിച്ചു. ദിവസവും രണ്ട് മത്സരങ്ങൾ വീതമാണ് നടക്കുക. ഓഗസ്റ്റ് 21-ന് ആരംഭിക്കുന്ന ടൂർണമെന്റിലെ ആദ്യ പോരാട്ടം ഏരീസ് കൊല്ലം സെയിലേഴ്സും കാലിക്കറ്റ് ഗ്ലോബ്സ്റ്റാർസും തമ്മിലാണ്. സെമി ഫൈനൽ സെപ്റ്റംബർ 5 നും ഫൈനൽ മത്സരം 6-നും നടക്കും.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&

RNU TVPM